(ബി) 2010-11 വർഷത്തിൽ ഇതേവരെ എത്രരൂപയുടെ സ്ഥിര നിക്ഷേപം സ്വീകരിച്ചിട്ടുണ്ട് ;

(സി) സഹകരണനിക്ഷേപ സമാഹരണ പദ്ധതി പോലെ ട്രഷറികളിൽ സ്ഥിരനിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും വ്യാപകമായ പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 16,62,29,800 രൂപ

(ബി) 20-7-2010 വരെ 7,95,20,100 രൂപ സ്ഥിര നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്.

(സി & ഡി) ഇപ്പോൾ പരിഗണനയിലില്ല.

പേരാവൂർ സബ് ട്രഷറി

142 (5847) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ സബ്ട്രഷറി പുതുക്കി പണിയണമെന്നാവശ്യപ്പെട്ടു നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം ബ്ലോക്ക് പഞ്ചായത്ത് അനുവദിക്കാൻ തയ്യാറായിട്ടുള്ളതിനാൽ പ്രസ്തുത സബ്ട്രഷറി പുതുക്കിപണിയാൻ ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ (നവീന ട്രഷറി 2010) ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നു.

ശാസ്താംകോട്ട സബ് ട്രഷറി കെട്ടിടം പണി

143 (5848) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശാസ്താംകോട്ട സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനായി ഫണ്ട് വകയിരുത്തിയിട്ടുള്ളതിനാൽ നിലവിലുള്ള വാടക കെട്ടിടത്തിൽ നിന്നും സബ് ട്രഷറി മാറ്റി പ്രവർത്തിപ്പിക്കുന്നതിനും പുതിയ കെട്ടിടത്തിന്റെ പണി അടിയന്തരമായും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ശാസ്താംകോട്ട സബ് ട്രഷറി വാടക കെട്ടിടത്തിലല്ല പ്രവർത്തിച്ചു വരുന്നത്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം പണിയുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

മണലൂർ സബ് ട്രഷറിക്ക് കെട്ടിടം

144 (5849) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട് മണലൂർ സബ്ട്രഷറിക്ക് കെട്ടിടം പണിയുന്നതിന് അനുമതി ആവശ്യപ്പെട്ട ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് എന്നാണെന്നു വ്യക്തമാക്കുമോ ;

(സി) അനുമതി നല്കാനുള്ള കാലതാമസത്തിനു കാരണമെന്തെന്നറിയിക്കുമോ ;

(ഡി) അനുമതി എന്നേയ്ക്ക് നല്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെട്ടിടം പണിയുന്നതിന് അനുമതി ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ മതിയായ സ്റ്റാഫിനെ നിയമിക്കാൻ നടപടി

145 (5850) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള കോ-ഓപ്പറേറ്റീവ് റിക്കവറികളും, മറ്റ് വിധത്തിലുള്ള റിക്കവറികളും എത്തിച്ചേരുന്ന തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ മതിയായ സ്റ്റാഫില്ലാത്തതിനാൽ പ്രസ്തുത റിക്കവറികളുടെ ക്യാഷ് ഓർഡറുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് കൃത്യ സമയത്ത് ട്രാൻസ്ഫർ ചെയ്തു നൽകുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് റിക്കവറിയിലൂടെ അടയ്ക്കപ്പെടുന്ന തുക ബന്ധപ്പെട്ട സാമ്പത്തിക സ്ഥാപനത്തിൽ സമയത്ത് എത്താതിരിക്കുന്നതിന് കാരണമാകുകയും, ജീവനക്കാർക്ക് തങ്ങളുടേതല്ലാത്ത കുറ്റം കൊണ്ട് കൂടുതൽ പലിശ വായ്പയെടുത്ത സ്ഥാപനത്തിന് നൽകേണ്ടതായി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly